**A**

**802**

# ഒന്നാം പാദവാർഷിക മൂല്യനിർണയം - 2017

## മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ് : VIII

സമയം : $1^1/_2$ മണിക്കൂർ

ആകെ സ്കോർ : 40

---

**പൊതുനിർദ്ദേശങ്ങൾ**

1. ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കണം
2. ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഓരോന്നിനും 1 സ്കോർ വീതം** (4 x 1 = 4)

1. നന്മ നമുക്കതേയുള്ളു ഗുരുകടാക്ഷം കൂടാതെ
ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും'
ഇതേ താളത്തിലുള്ള ഈരടി ഏതാണ്?

എ) 'വളമേറിന കണ്ടത്തിൽ വിതച്ചാൽ
വിളവൊരു പത്തിനു സംശയമില്ല'

ബി) 'പാലഞ്ചും പുഞ്ചിരി തൂകിനിന്നങ്ങനെ
നാലഞ്ചു നാളങ്ങു ചെന്നവാറെ'

സി) 'കോർത്തു കൈകൾ പിടിച്ചതും പിന്നെപ്പേടിതീരും വണ്ണം
മാർത്താണ്ഡനുമുദിച്ചതും മറന്നില്ലല്ലീ'

2. അഭംഗി പരിഹരിക്കുക.
ശുചീകരണത്തൊഴിലാളികളുടെ പ്രവർത്തനം കൊണ്ട് വൃത്തിഹീനമായ നഗരം ശുചിയായി.

3. വഞ്ചിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്?
(ഉണ്ണായി വാര്യർ, രാമപുരത്ത് വാര്യർ, കുഞ്ചൻ നമ്പ്യാർ)

4. സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തുകൊണ്ടുപോയ ഒരേ ഒരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്.
അടിയിൽ വരയിട്ട ഭാഗം സൂചിപ്പിക്കുന്ന ആശയം എന്ത്?

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് ഓരോന്നിനും 2 സ്കോർ വീതം** (3 x 2= 6)

5. അർഥവ്യത്യാസം കണ്ടെത്തുക.

പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരനാണ് തട്ടുന്നത്
നിന്നെ ഞാൻ തട്ടിക്കളയും

6. ഘടകപദങ്ങളാക്കുക

മാതൃക: ഗുരുകടാക്ഷം - ഗുരുവിന്റെ കടാക്ഷം

എ) ആണ്ടറുതി ബി) പൊൻനാണയം

7. ഞാവൽ + പഴം = ഞാവൽപ്പഴം

എ) അക്ഷരങ്ങൾ കൂടിച്ചേർന്നപ്പോൾ വന്ന മാറ്റം എന്താണ്?
ബി) ഇതേ സന്ധിയിലുള്ള മറ്റൊരു പദം എഴുതുക.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് ഓരോന്നിനും 4 സ്കോർ വീതം.**

**ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (3 x 4=12)

8. 'ഇഷ്ടം പ്രവർത്തിച്ചും തെറ്റു തിരുത്തിയും
കഷ്ടമണയുമ്പോൾ കൂടെ നിന്നും
എന്നു പിരിയാതുടലിനൊരംശംപോൽ
നിന്നിടും കൂട്ടരേ കൂട്ടരാവൂ.'

'സാന്ദ്രസൗഹൃദ'ത്തിലെ കൃഷ്ണകുചേലന്മാരുടെ സൗഹൃദത്തെ ഈ കവിതാഭാഗവുമായി താരതമ്യം ചെയ്യുക.

9. പൂക്കളും ആണ്ടറുതികളും എന്ന പാഠഭാഗത്തെ ആശയങ്ങൾ പ്രയോജനപ്പെടുത്തി 'മനുഷ്യന്റെ എല്ലാ ഐശ്വര്യവും പ്രകൃതിയുടെ സമ്മാനമാണ്' എന്ന് സമർഥിക്കുക.

10. 'തേവിത്തേവി വറ്റിപ്പോയ കിണറാണ് മുമ്പിൽ. എന്നാലും പൊടിയുന്നുണ്ട് തെളിനീര്'.
'അമ്മവിളക്ക് ഊതിക്കെടുത്തി'

ഇത്തരം പ്രയോഗങ്ങൾ 'അമ്മമ്മ' എന്ന ഓർമ്മക്കുറിപ്പിനെ എത്രമാത്രം കാവ്യാത്മകമാക്കുന്നു എന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. പാടത്തിൻകര നീളെ നീലനിറമായ് വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം കൈക്കൊണ്ടു നിൽക്കുംവിധൗ
വാടാതെ വരികെന്റെ കൈയിലധുനാ പീയൂഷ ഡംഭത്തെയും
ഭേദിച്ചമ്പൊടുകയ്പവല്ലി തരസാ പെറ്റുള്ള പൈതങ്ങളെ

ചേലപ്പറമ്പ് നമ്പൂതിരി)

ആശയം, ഭാഷ, അലങ്കാരഭംഗി എന്നിവ പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

**12 മുതൽ 15 വരെ ചോദ്യങ്ങൾക്ക് ഓരോന്നിനും 6 സ്കോർ വീതം.**

**ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (3 x 6 = 18)

12. 'അന്യന്മാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടുള്ള പോക്കാണിത്'

'യാത്രയുടെ അന്ത്യത്തിൽ യാത്രക്കാർ ഒരു കുടുംബത്തിലെ അംഗങ്ങളായി കഴിയുന്നു.'

'ഹോട്ടലിൽ ചെന്നാൽ കാശിനു ചോറ്. അതു കഴിഞ്ഞാൽ വെളിയിൽ ആർക്കും ആരോടും സംസാരിക്കുവാൻ സമയമില്ല.'

മൂന്നു കാലഘട്ടങ്ങളിലെ യാത്രാനുഭവങ്ങളാണ് ഇ.വി. കൃഷ്ണപിള്ള ഇവിടെ അവതരിപ്പിക്കുന്നത്. ഇതിനെ അടിസ്ഥാനമാക്കി ജീവിതയാത്രയിൽ നാം സൂക്ഷിക്കേണ്ട മൂല്യങ്ങൾ എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

13. 'വിഷു അധ്വാനത്തിന്റെയും ഓണം സമൃദ്ധിയുടെയും തിരുവാതിര സൗന്ദര്യത്തിന്റെയും പ്രതീകങ്ങളാണ്'.

'അധ്വാനിക്കുക, അനുഭവിക്കുക, ആഹ്ലാദിക്കുക എന്നതാണ് കേരളീയ ജീവിതാദർശം.'

നമ്മുടെ കാർഷിക സംസ്കാരവും ആഘോഷങ്ങളും പരസ്പര ബന്ധപ്പെട്ടിരിക്കുന്നു – സ്വാഭിപ്രായം എഴുതി സമർഥിക്കുക.

14. 'മേഘങ്ങൾ ചിലപ്പോൾ ആകാശത്തിൽ കറുത്ത സിംഹം പോലെ നിൽക്കുന്നു. ചിലപ്പോൾ ചെറിയ ചെറിയ കൊടുമുടികളുമായി നീലക്കാർപർവതമായി മാറുന്നു.'

'ഇത് കാർമുകിലിനുള്ള അർച്ചനാലേഖനം മാത്രമല്ല, കാർമുകിലിനെക്കുറിച്ചുള്ള എന്റെ കിറുക്കുകൾ കൂടിയാണ്.'

പാഠഭാഗം വിശകലനം ചെയ്ത് വിശദമാക്കുക.

15. 'വിത്തമെന്തിനു മർത്ത്യന്നു
വിദ്യ കൈവശമാകുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ'

വിത്തം = ധനം (ഉള്ളൂർ - ദീപാവലി)

കവിത നൽകുന്ന സന്ദേശം വ്യാഖ്യാനിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.